**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2271** — **17.02.2016 ൽ മറുപടിയ്ക്ക്**

## സ്പോർട്ട്സ് കിറ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി.വിഷ്ണുനാഥ്**<br>**ശ്രീ. വി.റ്റി. ബൽറാം**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ. കെ.എസ്. ശബരീനാഥൻ** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്ട്സ് കിറ്റ് നൽകുന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) കായിക രംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുക, യുവജന ക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക പ്രോത്സാഹനം നൽകുക, അതുവഴി ആരോഗ്യമുള്ള ഒരു യുവജനതയെ വാർത്തെടുത്ത് യുവാക്കളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) 2013 - 14 സാമ്പത്തിക വർഷം 12,12,752/- രൂപയുടെ സ്പോർട്സ് കിറ്റ് ടെന്റർ മുഖാന്തിരം തിരുവനന്തപുരം ജില്ലയിലെ ജി.വി. രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽ നിന്നും സ്കൂളുകളിൽ നിന്നും പത്രദ്വാരാ അപേക്ഷ ക്ഷണിക്കുകയും അതാത് ജില്ലാ ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവ തെരഞ്ഞെടുക്കുകയും ചെയ്തു. കായിക ഉപകരണങ്ങളുടെ വിതരണത്തിന് ഇ-ടെന്റർ മുഖേന മത്സരാടിസ്ഥാനത്തിൽ കമ്പനികളിൽ നിന്നും ടെന്റർ ക്ഷണിക്കുകയുണ്ടായി. ടെന്ററുകളോടൊപ്പം വിവിധ കമ്പനികൾ സമർപ്പിച്ച കായിക ഉപകരണങ്ങളുടെ സാമ്പിളുകളുടെ ഗുണനിലവാരം കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി , കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ടെക്നിക്കൽ |

ഓഫീസർ, ഫുട്ബോൾ - ക്രിക്കറ്റ്, ബാഡ്മിന്റൺ - കോച്ചുകൾ എന്നിവരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി വിദഗ്ധമായി പരിശോധിക്കുകയും ഗുണനിലവാരമുള്ളവ തെരഞ്ഞെടുക്കുകയും ആയത് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ചെയർമാനും, കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ എക്സ്പെർട്ട് മെമ്പർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ടെക്നിക്കൽ ഓഫീസർ, മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളായ പർച്ചേയ്സ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരമുള്ള കായിക ഉപകരണങ്ങൾ സമർപ്പിച്ച കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകുകയും പ്രസ്തുത കമ്പനികൾ എല്ലാ ജില്ലാ യുവജനകേന്ദ്രങ്ങളിലും കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ജില്ലാതലത്തിൽ കായിക ഉപകരണങ്ങളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**